പ്രാചീനകാലത്തെ സാമൂഹികജീവിതത്തിന്റെ പ്രതിഫലനങ്ങളായിരുന്നു നാടൻ കലകൾ. ആചാരാനുഷ്ഠാനം, ആരാധന എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടായവയാണ് അവയിൽ ഏറിയകൂറും. സമൂഹത്തിന്റെ ഐക്യത്തെ ദൃഢീകരിക്കാനും വ്യക്തിവികാരങ്ങളുടെ സ്ഥാനത്ത് സമൂഹവികാരത്തെ പ്രതിഷ്ഠിക്കുവാനും നാടൻ കലകൾക്കു കഴിഞ്ഞു. നൂറ്റാണ്ടുകൾ പഴക്കമുള്ള വടക്കേമലബാറിന്റെ തനതു കലാരൂപമാണ് തെയ്യം. ദൈവം എന്ന പദത്തിൽ നിന്നത്രേ തെയ്യം എന്ന വാക്കുണ്ടായത് . തെയ്യത്തിന്റെ ആട്ടമാണ് തെയ്യാട്ടം. നൃത്തം ചെയ്യുന്ന ദേവതാസങ്കല്പമാണ് തെയ്യം. വർഷങ്ങൾ നീളുന്ന പരിശീലനത്തിലൂടെ മാത്രമെ ഒരാൾക്ക് നല്ല തെയ്യക്കാരനാകാൻ കഴിയുകയുള്ളൂ.

മലബാറിലെ ദൈവിക സങ്കല്പങ്ങളിൽ ദൈവം മനുഷ്യനുമായി നേരിട്ട് സംവദിക്കുന്ന അവസരമാണ് കളിയാട്ട വേദികളും അവിടെ ഉറഞ്ഞാടുന്ന തെയ്യക്കോലങ്ങളും. മനസ്സും ശരീരവും ഭക്തിയുടേയും പരിശുദ്ധിയുടെയും കഠിന വ്രതത്തിൽ അർപ്പിച്ചാണ് ഓരോ തെയ്യം കലാകാരനും വേഷമണിയുന്നത് . സ്വയംമറന്ന് ദൈവമായി മാറുന്ന ആ വേളകളിൽ ദേശത്തിന്റെ ദുരിതം മാറ്റുവാനും ഭക്തർക്ക് അനുഗ്രഹങ്ങൾ ചൊരിയുവാനും തെയ്യങ്ങളിലൂടെ ദൈവം എത്തിച്ചേരുന്നുവെന്നു ജാതി മത ഭേദ്യമെന്യേ എല്ലാവരും വിശ്വസിക്കുന്നു .

ദൈവികമെന്നു കരുതുന്ന ഈ അനുഷ്ഠാനകലയിലും അതോടൊപ്പം നാടൻ പാട്ടിലും, ചിത്രരചനയിലും തന്റേതായ മുദ്ര പതിപ്പിച്ച ഒരു പ്രതിഭയെ ആണ് ഈ ആഴ്ചത്തെ ടാലന്റഡ് ബാങ്കർ ആയി അവതരിപ്പിക്കുന്നത്

**മനേഷ് ലാൽ**
**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ**
**ARM Branch Ernakulam**

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിന് അടുത്ത് പുത്തിലോട്ട് എന്ന ഗ്രാമത്തിൽ തൃക്കരിപ്പൂർ L P സ്കൂൾ ജീവനക്കാരൻ ആയ ശ്രീ കൃഷ്ണന്റെയും ആരോഗ്യ വകുപ്പിൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടർ ആയി ജോലി നോക്കുന്ന ശ്രീമതി ശ്രീമണിയുടെയും മകനായാണ് മനേഷ് ലാൽ ജനിച്ചത്. മാതാ പിതാക്കൾ സർക്കാർ ഉദ്യോഗസ്ഥർ ആയിരുന്നുവെങ്കിലും ജന്മാവകാശമായി തെയ്യം കെട്ടാനുള്ള അവസരം ഉള്ള ഒരു കുടുംബം ആയിരുന്നു മനേഷിന്റെത്. ചെണ്ടമേളവും മുഖ ചമയങ്ങൾ, കുരുത്തോലയും തടിയിലുമുള്ള തെയ്യം ഒരുക്കലുകൾ, ചിത്രരചന എന്നിവയെല്ലാം ബാല്യകാലം മുതൽ കണ്ടും കേട്ടുമാണ് മനേഷ് ലാൽ വളർന്നത്.

സ്കൂൾ വിദ്യാഭ്യാസം തളിപ്പറമ്പ് ടാഗോർ സ്കൂളിലും, പ്ലസ് ടൂ കാഞ്ഞങ്ങാട് ദുർഗ ഹയർ സെക്കൻഡറി സ്കൂളിലും ആയിരുന്നു. കോളേജ് വിദ്യാഭ്യാസം തിരുവനന്തപുരം ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ആയിരുന്നു . ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ വിഷയത്തിൽ.

സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ തെയ്യം കെട്ടിയാടാൻ തുടങ്ങിയിരുന്നു. തെയ്യത്തിൽ മഹാവിഷ്ണു ഭാവമായ വിഷ്ണുമൂർത്തി, ഭൈരവൻ ഗുളികൻ , പിന്നെ ഭദ്രകാളിയുടെയും, കാളിയുടെ ശക്തി രൂപികളുമായ തീചാമുണ്ഡി , മടയിൽ ചാമുണ്ഡി, രക്തചാമുണ്ഡി, മൂവാളംകുഴി ചാമുണ്ഡി , മേച്ചേരി ചാമുണ്ഡി , തുടങ്ങി ഏറ്റവും പ്രശസ്തമായ പൊട്ടൻതെയ്യം വരെ കെട്ടിയാടാൻ ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. മൂലമന്ത്രങ്ങളും അനുഷ്ഠാനങ്ങളും ആത്മാവിൽ സ്വീകരിച്ച് ഭക്ഷണവും ജീവിതവും ക്രമീകരിച്ച് , ദേവതയെ ഉപാസിക്കുന്ന തെയ്യം കലാകാരൻ ആ പകർച്ചയുടെ ഭാഗമായ നാഡീഞരമ്പുകളിലെ കെട്ട് ആടയാഭരണങ്ങളുടെ ഭാരം എന്നിവ എല്ലാം താങ്ങാനുള്ള ശക്തി മനസിനും ശരീരത്തിനും ഏറ്റുവാങ്ങുകയാണ് ചെയ്യുന്നത് . ചടുലതാളത്തിന്റെ മാസ്മരികതയിൽ സ്വയം മറന്ന് ദൈവമാകുന്ന അവസ്ഥ ഈ കലയെ മറ്റു കലകളിൽ നിന്നും വളരെ വ്യത്യസ്തമാക്കുന്നു . തെയ്യം കലാകാരൻമാർക്ക് ലഭിക്കുന്ന ഉന്നത ബഹുമതിയായ പട്ടും വളയും ,പണിക്കർ എന്ന സ്ഥാനപ്പേര്, എന്നിവയെല്ലാം 20 വയസ്സിനുള്ളിൽ തന്നെ നേടിയെടുക്കാൻ കഴിഞ്ഞു . മനേഷ് ലാൽ പണിക്കർ എന്നാണ് ആചാരപ്പേര് സ്വീകരിച്ചിരിക്കുന്നത്.

കോളേജ് വിദ്യാഭ്യാസ കാലത്തു തന്നെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന നാടൻപാട്ടുകളിൽ ഗവേഷണം നടത്തുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന "വാമൊഴിക്കൂട്ടം" എന്ന സംഘടനയുമായി പരിചയപ്പെടുകയും തോറ്റം പാട്ടിലെ ഈണവും താളവും മനസ്സിൽ അലിഞ്ഞു ചേർന്നിട്ടുള്ള മനേഷ് ലാൽ അതിലൊരു പ്രധാന ഗായകൻ ആവുകയും ചെയ്തു . ഏതാണ്ട് ആയിരത്തിലധികം വേദികളിൽ വ്യത്യസ്തമായ നൂറിലധികം നാടൻപാട്ടുകൾ അവതരിപ്പിച്ചിട്ടുണ്ട് . ഇത് കൂടാതെ പയ്യന്നൂരിൽ ഉള്ള "നന്മ " എന്ന ഗ്രൂപ്പിലും സജീവസാന്നിധ്യമാണ് . ഈസ്റ്റ് കോസ്റ്റ് ഓഡിയോസ് പുറത്തിറക്കിയ "മാണിക്യ ചെമ്പഴുക്ക " എന്ന ഓഡിയോ സിഡി യിൽ 2 പാട്ടുകൾ മനേഷ് ലാൽ ആണ് പാടിയിരിക്കുന്നത്. കൂടാതെ കവറിൽ ഉള്ള "മാണിക്യചെമ്പഴുക്ക " എന്ന പേരും മനേഷിന്റെ കൈയ്യക്ഷരമാണ് . നാടൻ പാട്ടിൽ മനേഷിനു കീഴിൽ ശിക്ഷണം നേടിയ കുട്ടികളിൽ പലരും യുവജനോത്സവങ്ങളിൽ അനേകം പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. തെയ്യത്തിനും നാടൻപാട്ടിനും പുറമെ ചെണ്ട മുതലായ വാദ്യ ഉപകരണങ്ങളും ചിത്രകലയിലും പ്രാവീണ്യമുള്ള മനേഷ് ലാൽ കലാപരിപാടികളുടെ വിധികർത്താവ്, നാടൻ കലകളിൽ അറിവുപകരുന്ന റിസോഴ്സ് പേഴ്സൺ എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു.

2013 മെയ് മാസം SBI യുടെ തൃക്കരിപ്പൂർ ശാഖയിൽ ഔദ്യോഗിക ജീവിതത്തിനു തുടക്കം കുറിച്ചു . പിന്നെ ഉദുമ ശാ ഖയിലും , LCPC യും കടന്നു ഇപ്പോൾ എറണാകുളം ARMB യിൽ എത്തി നിൽക്കുന്നു.

SBI യുടെ ആലുവാ RASMEC യിൽ അസിസ്റ്റന്റ് മാനേജർ ആയ രേഷ്മ ആണ് മനേഷിന്റെ സഹധർമിണി. നാലു വയസ്സുകാരിയായ പാർവതിയും, ഒമ്പതു മാസം പ്രായം ഉള്ള കാർത്തികയും ആണ് മക്കൾ. കുടുംബ സമേതം ഇപ്പോൾ എറണാകുളത്ത് ആലുവായിൽ താമസിക്കുന്നു.

ദേശീയ ആരോഗ്യ മിഷനിൽ ജോലി നോക്കുന്ന നിതീഷ് ലാൽ ആണ് ഏക

സഹോദരൻ. ജ്യേഷ്ഠനെ പോലെ അനുജനും തെയ്യക്കോലം കെട്ടാറുണ്ട്

ഒരു നല്ല ചിത്രകാരൻ കൂടി ആണ് മനേഷ്‌ലാലെന്ന് ടാലന്റഡ് ബാങ്കേഴ്‌സിന്റെ പേജിൽ തന്നെ നമ്മൾ കണ്ടതുമാണ്

തുലാമാസം പത്തിന് തുടങ്ങി ഇടവപ്പാതി വരെ നീളുന്ന തെയ്യക്കാലത്തു മണ്ണും, മനുഷ്യനും മറ്റു ജീവജാലങ്ങളും സഹവർത്തിത്തതോടെ കഴിയേണ്ടതാണെന്ന സന്ദേശമാണ് ദേശത്തിന്റെ ഒരുമയ്ക്കും ഐശ്വര്യത്തിനും സർവോപരി സുരക്ഷയ്ക്കും ആയി നമുക്ക് മുന്നിൽ വരുന്ന തെയ്യ കോലങ്ങൾ നൽകുന്നത്

ആചാരപെരുമയുടെയും ദേശ സ്നേഹത്തിന്റെയും പ്രതിരൂപം വഹിക്കുന്ന മനേഷിന് ടാലന്റഡ് ബാങ്കേഴ്‌സ് വക ഭാവുകങ്ങൾ.

കേവലം പൊട്ടനായി വന്ന് ശ്രീശങ്കരാചാര്യർക്ക് പ്രപഞ്ച സത്യങ്ങളുടെ ജ്ഞാനോദയം പകർന്നു നൽകിയ സാക്ഷാൽ പരമേശ്വൻ ആയ പൊട്ടൻ തെയ്യൻ ചോദിക്കുന്നത് പോലെ :

'നാങ്കളെ കൊത്ത്യാലുമൊന്നല്ലേ ചോര, നീങ്കളെ കൊത്ത്യാലുമൊന്നല്ലേ ചോര' ( രൂപത്തിലും ഭാവത്തിലും വ്യത്യാസമുണ്ടെങ്കിലും ഒരേ നിറമുള്ള ചോര ഞരമ്പുകളിലോടുന്ന നമ്മളൊക്കെ ഒരുമയോടെ കഴിയേണ്ടതല്ലേ ? ) എന്ന വരികൾക്ക് ഇന്നും പ്രസക്തിയുണ്ടല്ലോ.

**English Version**

The folk arts have always been a window to the life of lore. Most of these are related to the rites and devotional practices. These have also contributed to improving cultural integrity and unity in the society. Likewise,the Theyyam folk art of North Malabar is centuries old. It is believed that the word Theyyam originated from the malayalam word for God, "Deivam". Theyyatam is its dance form. It depicts the deity in the dancing form. To become an expert in this artform, one has to train for years.

In Malabar, Theyyam is often portrayed as a mode of conversation between man and God. Each artist has to purify his body and mind filling it with devotion through rigorous rites before he performs this art. When this person performs forgetting his surroundings and becoming one with the deity, the audience believe that God himself has appeared to remove their problems and bless the devotees across all castes and religions.

This week's talented banker is a performer of this divine art, sings folk music and has also proved his talents in drawing.

Manesh Lal<br>State Bank of India<br>ARMB Ernakulam.

Born at a village called Puthilote near Cheruvathoor, Kasargod as the son of Sri.Krishnan, an

employee at LP School Trikaripur and Smt Srimani, lady health inspector in the health department, Manesh was interested in the traditional art of Theyyam ,the right to which his family had inherited inspite of his parents being government employees. He grew up watching the Theyyam decoratios in wood and palm leaves, Chendamelam and drawings since his childhood.

He did his schooling at Tagore school, Thaliparambu and plus two at Durga Higher Secondary school. He completed his b.tech in electronics and communication engineering from the Govt. College of engineering, Trivandrum.

He had begun performing Theyyam since his school days. The characters that he portrayed include Vishnumoorthy, Bhairavan Gulikan, Bhadrakali, Theechamundi, Madayil Chamundi, Raktachamundi, Moovalamkuzhy Chamundi, Mechery Chamundy and the most famous Pottan Theyyam. In this artform the performer completely transforms himself right from his soul through moolamantras and rigourous rites and strengthens his body and mind for enduring the pains and labour of the attire required for Theyyam. Transforming oneself into the deity through the trance of the beats sets this artform apart from all others. Manesh gained the honours of the artform namely the silk and the ornament and the title of panicker well before the age of twenty thus adopting the name of Manesh Lal Panicker while performing.

During his college days, he joined a group called "Vamozhikoottam",which researched in folk songs and encouraged those who wished to learn it. The tunes and beats of Thottam pattu enchanted the young Manesh and he soon became the lead singer for the same. He has performed more than a hundred different folk songs in more than thousands of occassions. He is also an active presence in the group called 'Nanma' based at Payyanur. He has sung two songs in the Audi CD "Manikya chembazhuka" released by East Coast Audios. The unique title was also contributed by him. His students have won several prizes in folk music at several youth festivals. The multi-talented Manesh who also has tastes in musical instruments including Chenda and drawing very often serves as a judge in cultural programmes and also as a resource person in folk arts.

He began his banking career at SBI Thrikaripur in 2013. He later worked at Uduma branch, LCPC and is now working at ARMB.

He is married to Reshma who is working as Asst Manager at SBI Rasmeccc, Aluva. They have settled in Aluva with their daughters Parvathy and Kartika.

He has a brother, Nitish Lal who is working at the National Health Mission and also performs Theyyam.

We have witnessed Manesh's drawing skills in our talented banker's group.

The Theyyam season begins on the tenth of Thulam and extends upto Edavapathi and spreads a message of coexistence of mankind with other creatures of the earth for the sake of unity and prosperity in the country.

The talented banker's group wishes this exponent of folk art all the very best.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : കെ ജി ഉണ്ണികൃഷ്ണൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ & നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ

English version: Gayathry T R (Gayathry Tr) , State Bank of India, Thejaswini Branch, Thiruvananthapuram